ഉത്തരം

(എ) പാലയ്ക്കൽ, അന്തിക്കാട് 33 കെ. വി. സബ്സ്റ്റേഷനുകൾക്കു വേണ്ടി യുള്ള സ്ഥലം യഥാക്രമം 31-3-2005-നും, 16-6-2005-നും ബോർഡിന്റെ പേരിൽ രജി സ്റ്റർ ചെയ്തു. നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പാലയ്ക്കൽ 33 കെ. വി. സബ്സ്റ്റേഷനുവേണ്ടി ശ്രീ. കെ. ഗോവിന്ദൻ കുട്ടി, ശ്രീമതി കെ. സരസ്വതി എന്നിവരുടെ പക്കൽ നിന്നുമായി 110.60 സെന്റ് സ്ഥലം വാങ്ങി. ഇതിനായി 14,42,921 രൂപ ചെലവായി. അന്തിക്കാട് 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി, ശ്രീമതി വിലാസിനി അമ്മ, ശ്രീമതി പത്മാസിനി, ശ്രീമതി ദിവ്യ എന്നിവരുടെ പക്കൽ നിന്നുമായി 96.30 സെന്റ് സ്ഥലം വാങ്ങി. ഇതിനായി 10,47,512 രൂപ ചെലവായി.

(സി) ഈ രണ്ട് സബ്സ്റ്റേഷനുകളും 31-3-2006-നു മുമ്പ് പണി പൂർത്തി യാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ഡി) ചിറയ്ക്കൽ 33 കെ. വി. സബ്സ്റ്റേഷനിലെ കൺട്രോൾ റൂമിന്റെ പണി പൂർത്തിയായി. യാർഡ്സ്ട്രക്ചറിന്റെ ഫൗണ്ടേഷൻ, എറക്ഷൻ എന്നി ജോലികൾ തുടങ്ങി. 33 കെ.വി. ലൈൻ നിർമ്മാണം പുരോഗമിക്കുന്നു. സബ്സ്റ്റേഷന്റ നിർമ്മാണം 2005 സെപ്റ്റംബർ മാസത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) നിലവിൽ നിർദ്ദേശം ഒന്നും ഇല്ല.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

(ജി) ബോർഡിന്റെ പുനർരൂപീകരണ ഉത്തരവ് പ്രകാരം സെക്ഷൻ ആഫീസുകളും മേജർ സെക്ഷൻ ആഫീസുകളും സെക്ഷൻ ആഫീസുകളായി പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതിനാൽ മേജർ സെക്ഷൻ ആഫീസ് എന്ന ആശയം ഇപ്പോൾ നിലവിൽ ഇല്ല.

(എച്ച്) പ്രസക്തമല്ല.

വൈദ്യുതി കണക്ഷൻ നൽകുവാനുള്ള കാലതാമസം

51 [362] *ശ്രീ കെ. രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പോസ്റ്റുകളുടെയും മറ്റ് മെറ്റീരിയൽസിന്റെയും ഇല്ലായ്മ കാരണം വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ കാലതാമസം വരുന്നു എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗാർഹിക ഗാർഹികേതര ലോ ടെൻഷൻ/ഹൈ ടെൻഷൻ കണക്ഷനുകൾക്കുവേണ്ടിയുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് ജില്ല തിരിച്ച് പറയാമോ;

(സി) വൈദ്യുതി കണക്ഷനാവശ്യമായ സാമഗ്രികൾ ലഭ്യമല്ലാത്തതിന്റെ കാരണം പറയാമോ;

(ഡി) ഇത് സംബന്ധിച്ച പരാതികൾ പരിഹരിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) കാലതാമസം ഒഴിവാക്കി എല്ലാ അപേക്ഷകർക്കും കണക്ഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)

ജില്ല	*ഗാർഹികം (എച്ച്. റ്റി.)*	*ഗാർഹികേതരം*
തിരുവനന്തപുരം	23529	2866
കൊല്ലം	22736	3298
പത്തനംതിട്ട	11948	2084
കോട്ടയം	13003	2063
ആലപ്പുഴ	15960	2822
എറണാകുളം	13462	3146
തൃശ്ശൂർ	17009	4965
ഇടുക്കി	8577	531
പാലക്കാട്	29837	4998
മലപ്പുറം	40371	5309
കോഴിക്കോട്	36703	4920
വയനാട്	9891	1282
കണ്ണൂർ	22601	3865
കാസർഗോഡ്	12053	16799
	277680	58940

എച്ച്. റ്റി കണക്ഷൻ—തിരുവനന്തപുരം-5എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

(സി)—(ഇ) മുമ്പ് വൈദ്യുതി കണക്ഷൻ കൊടുക്കുവാനുള്ള സാധന സാമഗ്രികൾ കേന്ദ്രീകൃത പർച്ചേയ്സിലൂടെയായിരുന്നു വാങ്ങിയിരുന്നത്. അങ്ങനെ വാങ്ങുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുവാൻ കാലതാമസം നേരിടുന്നതു കൊണ്ട് മീറ്റർ, ട്രാൻസ്ഫോർമർ, കണ്ടക്ടർ കേബിൾ എന്നിവ ഒഴികെയുള്ള സാമഗ്രികൾ വാങ്ങുവാൻ അതാത് റീജിയണൽ ചീഫ് എഞ്ചിനീയർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ആവശ്യാനുസരണം സാധനങ്ങൾ വാങ്ങി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

സംസ്ഥാനത്തെ പുതിയ ഗാർഹിക വൈദ്യുതി കണക്ഷനുകൾ

52 [363] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാനത്താകെ എത്ര പുതിയ ഗാർഹിക വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നു ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ സെക്ഷൻ ആഫീസുകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) കണ്ണൂർ ജില്ലയിലെ വിവിധ സെക്ഷൻ ആഫീസുകളിൽ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ എണ്ണം സെക്ഷൻ ആഫീസ് തിരിച്ച് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്താകെ പുതിയ ഗാർഹിക വൈദ്യുതി കണക്ഷന് അപേക്ഷിച്ചവരിൽ ഏതു കാലയളവുവരെ അപേക്ഷിച്ചവർക്കാണ് കണക്ഷൻ നൽകി കഴിഞ്ഞതെന്നു വ്യക്തമാക്കുമോ;

(ഇ) ബാക്കി അപേക്ഷകർക്ക് എത്രയും വേഗം കണക്ഷൻ നൽകുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly